LIBRARY ARCHIVES Kerala Legislative Assembly

അബ്കാരി നിയമത്തിൽ വരുത്തിയ ഭേദഗതികൾ

*6 [889] ശ്രീ. പി. ജയരാജൻ:
,, എ. കെ. ബാലൻ:
,, കെ. കെ. ജയചന്ദ്രൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്കാരി നിയമത്തിൽ ഈ സർക്കാർ എന്തെല്ലാം ഭേദഗതികൾ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നതോ പുറത്തേക്ക് അയയ്ക്കുന്നതോ ആയ ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന് നിലവിലുള്ള ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതുമൂലം സംസ്ഥാന ഖജനാവിന് നഷ്ടം ഉണ്ടാകുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) ഇൻഡ്യൻ നിർമ്മിത വിദേശ മദ്യങ്ങൾക്ക് എത്ര ഘട്ടങ്ങളിലായാണ് നികുതി ചുമത്തുന്നതെന്ന് പറയാമോ;

(ഇ) വിദേശ നിർമ്മിത വിദേശ മദ്യം സംസ്ഥാനത്തേക്ക് കൊണ്ടുവരുമ്പോൾ നികുതി ചുമത്തുന്നുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അബ്കാരി നിയമത്തിൽ വരുത്തിയ പ്രധാനപ്പെട്ട മാറ്റങ്ങളുടെ സംക്ഷിപ്ത വിവരണം അനുബന്ധമായി ചേർക്കുന്നു.†

(ബി) ഭേദഗതികൾ ഒന്നും വരുത്തിയിട്ടില്ല.

(സി) 'ബി'-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഒരു ഘട്ടത്തിൽ മാത്രമേ എക്സൈസ് നികുതി ചുമത്തുന്നുള്ളൂ.

(ഇ) ഇല്ല.

ഷോലവനങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി

*7 [890] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, എൻ. ഡി. അപ്പച്ചൻ:
,, പി .ജെ. ജോയി:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷോലവനങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് കഴിയുമോ;

† അനുബന്ധം II

(ബി) സംസ്ഥാനത്ത് എവിടെയെല്ലാം ഉണ്ടായിരുന്ന ഷോലവനങ്ങൾ കൈയേറപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്;

(സി) കയ്യേറപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്ത ഷോലവനങ്ങൾക്ക്പകരം ഇത്തരം വനങ്ങൾ വച്ച് പിടിപ്പിക്കുന്നത് പ്രായോഗികമാണോ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) ഷോലവനങ്ങൾ വച്ചുപിടിപ്പിക്കാം. പക്ഷെ മറ്റ് മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനേക്കാൾ ശ്രമകരമാണ്.

(ബി) സംസ്ഥാനത്തെ റിസർവ് ഫോറസ്റ്റിന്റെ പരിധിയിൽ വരുന്ന ഷോലവനങ്ങൾ കൈയേറപ്പെടുകയോ നശിപ്പിക്കപ്പെടുകയോ ചെയ്തിട്ടില്ല. എന്നാൽ ഇടുക്കി ജില്ലയിലെ കാർഡമം ഹിൽ റിസർവിന്റെ പരിധിയിൽ വരുന്ന മതികെട്ടാൻ ഭാഗത്ത് സംഘടിതമായി വനം കയ്യേറാൻ ശ്രമമുണ്ടായിരുന്നു. സർക്കാരിന്റെ സമയോചിതമായ ഇടപെടൽമൂലം ഈ ശ്രമം പരാജയപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

(സി) പ്രായോഗികമാണ്. പക്ഷെ ശ്രമകരമാണ്.

വനങ്ങളിലെ നായാട്ടു നിരോധനം

*8 [891] ശ്രീ. ലൂഡി ലൂയിസ്:
„ കെ. എ. ചന്ദ്രൻ:
„ എ. സുജനപാൽ:
„ ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങളിൽ നായാട്ട് നിരോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിരോധനം കർശനമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ആയതിന്റെ ഫലമായി വനങ്ങളിൽ നായാട്ട് പൂർണ്ണമായും തടയുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) നായാട്ടുകാരുടെ ആധുനിക സജ്ജീകരണങ്ങളെ നേരിടുവാൻ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് എന്തെല്ലാം സജ്ജീകരണങ്ങളാണ് നൽകിയിട്ടുള്ളത്?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) ഉണ്ട്.

(ബി) താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

(1) പ്രശ്ന പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഊർജ്ജിതമായ പട്രോളിംഗ് നടത്തിവരുന്നു. കൂടാതെ ആന്റി പോച്ചിംഗ് ക്യാമ്പുകൾ ആവശ്യാനുസരണം സ്ഥാപിച്ച് സുസജ്ജരായ സംരക്ഷണ സേനയെ വിന്യസിച്ചിട്ടുണ്ട്.

(2) കൂടുതൽ വാഹനങ്ങളും, വയർലസ് ഫോൺ എന്നീ വാർത്താവിനിമയ സൗകര്യങ്ങൾ സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly